


## ‘ഓപ്പറേഷൻ ബ്ലൂ പ്രിന്റ്’- സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ക്രമക്കേടുകൾ കണ്ടെത്തി





സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലെ ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നതിലും, കെട്ടിട നമ്പർ അനുവദിക്കുന്നതിലും ചില ഉദ്യോഗസ്ഥർ കാലതാമസം വരുത്തുന്നതായും, ഗ്രാമപഞ്ചായത്തുകൾ മുഖേന ചെയ്യുന്ന നിർമ്മാണ പ്രവർത്തികളിൽ ക്രമക്കേട് നടത്തുന്നതായും, മരാമത്ത് പണികളിൽ കരാറുകാരെ തിരഞ്ഞെടുക്കുന്നതിൽ ക്രമക്കേട് നടക്കുന്നതായും വിജിലൻസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ തിരഞ്ഞെടുത്ത 57 ഗ്രാമപഞ്ചായത്തുകളിലെ എൻജിനീയറിംഗ് വിഭാഗത്തിൽ ഇന്നലെ (12/10/2023) രാവിലെ 10:30 മണി മുതൽ സംസ്ഥാനവ്യാപകമായി ഒരേ സമയം മിന്നൽ പരിശോധന നടത്തിയത്.

മിന്നൽ പരിശോധനയുടെ ഭാഗമായി എറണാകുളം ജില്ലയിലെ 6 ഗ്രാമപഞ്ചായത്തിലും, ഇടുക്കി, കോട്ടയം ജില്ലകളിലെ 5 ഗ്രാമപഞ്ചായത്തുകൾ വീതവും, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ 4 ഗ്രാമപഞ്ചായത്തുകൾ വീതവും, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 3 ഗ്രാമപഞ്ചായത്തുകൾ വീതവുമായാണ് മിന്നൽ പരിശോധന നടത്തിയത്.

മിന്നൽ പരിശോധന നടത്തിയ 57 ഗ്രാമപഞ്ചായത്തുകളിലായി കെട്ടിട നിർമ്മാണ അനുമതിക്കായുള്ള 1689 അപേക്ഷകളും, കെട്ടിട നമ്പറിനുവേണ്ടിയുള്ള 504 അപേക്ഷകളും തീരുമാനമാകാതിരിക്കുന്നതായി വിജിലൻസ് കണ്ടെത്തി.

എറണാകുളം ജില്ലയിലെ മുളന്തുരുത്തി, കണ്ണൂർ ജില്ലയിലെ വളപട്ടണം, കൊല്ലം ജില്ലയിലെ കുലശേഖരപുരം, കോട്ടയം ജില്ലയിലെ കല്ലറ, കാഞ്ഞിരപ്പള്ളി, പാലക്കാട് ജില്ലയിലെ പുതുശ്ശേരി, കുമാരംപുത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ കേരള കെട്ടിടനിർമ്മാണചട്ടം പാലിക്കാതെ തന്നെ പൂർത്തീകരിച്ച വ്യാപാരസ്ഥാപനങ്ങൾക്ക് കെട്ടിട നമ്പർ നൽകിയതായി വിജിലൻസ് കണ്ടെത്തി.

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിൽ റോഡ് നിർമ്മാണത്തിന് ഉപയോഗിച്ച കോൺക്രീറ്റിന്റെ ബലം കുറവാണെന്ന് ലാബ് പരിശോധന ഫലം ലഭിച്ച ശേഷവും ബില്ല് മാറി നൽകിയതായും വിജിലൻസ് കണ്ടെത്തി.

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ നടപ്പ് സാമ്പത്തിക വർഷം ടെൻഡർ ചെയ്ത മരാമത്ത് പ്രവർത്തികളിൽ 69 എണ്ണത്തിൽ 27 എണ്ണവും, ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്

ഗ്രാമപഞ്ചായത്തിൽ 54 എണ്ണത്തിൽ 21 എണ്ണവും, തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിൽ 15 എണ്ണത്തിൽ 12 എണ്ണവും, കോട്ടയം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിൽ 35 എണ്ണത്തിൽ 11 എണ്ണവും, ഒരേ കരാറുകാർക്കാണ് നൽകിയിരിക്കുന്നതെന്നും വിജിലൻസ് കണ്ടെത്തി. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ നടപ്പ് സാമ്പത്തികവർഷം ഇ- ടെൻഡർ അല്ലാതെ ഓപ്പൺ ടെണ്ടർ വിളിച്ച 4 നിർമ്മാണ പ്രവർത്തികളും ഒരേ കരാറുകാരന് നൽകിയതായും വിജിലൻസ് കണ്ടെത്തി.

മിന്നൽ പരിശോധനയിൽ മലപ്പുറം ജില്ലയിലെ ഇടരിക്കോട്, വയനാട് ജില്ലയിലെ വെള്ളമുണ്ട, കണ്ണൂർ ജില്ലയിലെ കുറ്റിയാട്ടൂർ, കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, ചെങ്കള എന്നീ ഗ്രാമപഞ്ചായത്തുകളിലെ ചില അംഗീകൃത (Aided) സ്കൂളുകളിലെ കെട്ടിടങ്ങളിൽ ചിലത് പഞ്ചായത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നതായി വിജിലൻസ് കണ്ടെത്തി. തിരുവനന്തപുരം ജില്ലയിലെ പള്ളിക്കൽ, ചെങ്കൽ എന്നീ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളിലെ ഒരു കെട്ടിടത്തിന് പഞ്ചായത്ത് അധികൃതർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിലും വിജിലൻസ് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരെ ഉപയോഗിച്ച് പരിശോധിപ്പിച്ചതിൽ ബലക്ഷയമുള്ളതായി കാണ്ടെത്തി.

തൃശ്ശൂർ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ ഗൂഗിൾ-പേ അക്കൗണ്ട് വഴി അവിടത്തെ സ്വകാര്യ എൻജിനീയർ നിരവധി തവണ പണമിടപാട് നടത്തിയിരിക്കുന്നതായും, കോട്ടയം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിൽ ഒരു ഓവർസിയർ കഴിഞ്ഞ 10 മാസത്തിനിടയ്ക്ക് വിവിധ കരാറുകാരുമായി ലക്ഷക്കണക്കിന് രൂപ ഗൂഗിൾ-പേ വഴി പണമിടപാട് നടത്തിയിരിക്കുന്നതായും വിജിലൻസ് കണ്ടെത്തി.

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിൽ പരിശോധന നടത്തിയപ്പോൾ ബ്ലോക്ക്പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിലെ ചില ഫയലുകൾ, എം ബുക്ക് എന്നിവ അവിടെ കാണപ്പെട്ട ഒരു കരാറുകാരന്റെ ബന്ധുവിന്റെ കയ്യിൽ നിന്നും വിജിലൻസ് പിടികൂടി.

പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണചട്ടപ്രകാരം പാർക്കിംഗിനായി ഒഴിച്ചിട്ട സ്ഥലവും ടോയ്ലറ്റുകളും ഗോഡൗണായി ഉപയോഗിക്കുന്നതായും, മറ്റ് ചില ഗ്രാമപഞ്ചായത്തുകളിലും

പാർക്കിംഗിനായി നീക്കിവെച്ചിരിക്കുന്ന സ്ഥലത്ത് അനധികൃത നിർമ്മാണം ഉൾപ്പെടെ നടത്തി മറ്റ് പല ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതായും, ഇത് കണ്ടെത്താൻ ഉത്തരവാദിത്തപ്പെട്ട ഓവർസിയർമാർ അപ്രകാരം ചെയ്യുന്നില്ലായെന്നും വിജിലൻസ് കണ്ടെത്തി.

കോട്ടയം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിലെ എൻജിനീയറിംഗ് വിഭാഗത്തിൽ രാവിലെ 10:30 മണിക്ക് മിന്നൽ പരിശോധനയ്ക്ക് എത്തിയെങ്കിലും ഉദ്യോഗസ്ഥർ ആരും എത്താത്തതിനാൽ 11:00 മണിയോടെയാണ് മിന്നൽ പരിശോധന ആരംഭിക്കാൻ സാധിച്ചത്.

മിന്നൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകളെപ്പറ്റി കൂടുതൽ പരിശോധനകൾ വരും ദിവസങ്ങളിലും തുടരുമെന്നും, കണ്ടെത്തിയ അപാകതകളെപ്പറ്റി വിശദമായ റിപ്പോർട്ട് മേൽ നടപടിക്കായി സർക്കാരിലേക്ക് അയച്ചു നൽകുന്നതാണെന്നും വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ. വിനോദ് കുമാർ ഐ.പി.എസ് അറിയിച്ചു.

വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ. വിനോദ് കുമാർ.ഐ.പി.എസ്- അവർകളുടെ ഉത്തരവ് പ്രകാരം വിജിലൻസ് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ശ്രീമതി. ഹർഷിത അത്തല്ലൂരി. ഐ.പി.എസ്-ന്റെ മേൽനോട്ടത്തിലും പോലീസ് സൂപ്രണ്ട് (ഇന്റ്) ചുമതല വഹിക്കുന്ന ശ്രീ.റജി ജേക്കബ് ഐ.പി.എസ്-ന്റെയും, വിജിലൻസ് ആസ്ഥാനത്തെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. സി. വിനോദിന്റെയും നേതൃത്വത്തിൽ നടക്കുന്ന മിന്നൽ പരിശോധനയിൽ സംസ്ഥാനത്തെ എല്ലാ വിജിലൻസ് യൂണിറ്റുകളും പങ്കെടുത്തു വരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി.കെ. വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.